# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4552** — **21/3/2018-ൽ മറുപടിക്ക്**

### അമിത വില ഈടാക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്തെ മരുന്നുഷോപ്പുകളിലും സർജിക്കൽ ഉപകരണങ്ങൾ വിൽക്കുന്ന ഷോപ്പുകളിലും അമിതവില ഈടാക്കുന്ന കാര്യത്തിൽ പരിശോധന നടത്തുകയുണ്ടായോ; | എ) | സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ മെഡിക്കൽ ഷോപ്പുകളിലും നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. |
| ബി) | കാൻസർ തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് മെഡിക്കൽ സ്റ്റോറുകൾ അമിതവില ഈടാക്കുന്ന കാര്യം ഡ്രഗ്സ് കൺട്രോളർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ; | ബി) | ഉണ്ട്. പരമാവധി വിൽപ്പന വിലയേക്കാൾ (MRP) കൂടിയ വില ഈടാക്കുന്ന വ്യാപാരികൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ 22 കേസുകൾ നിലവിലുണ്ട്. |
| സി) | അമിത വില ഈടാക്കുന്ന മെഡിക്കൽ സ്റ്റോറുകളുടെ ലൈസൻസ് റദ്ദാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) | ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരമാണ് അമിത വില ഈടാക്കുന്ന വ്യാപാരികൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ്, നടപടികൾ സ്വീകരിക്കുന്നത്. പ്രസ്തുത നിയമത്തിൽ അമിതവില ഈടാക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് വ്യവസ്ഥയില്ല. ഇതിൽ വ്യവസ്ഥ ചെയ്യിരിക്കുന്ന രീതിയിലുള്ള നിയമ നടപടികൾ മാത്രമാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് സ്വീകരിക്കാനാവുന്നത്. |
| ഡി) | നടപടിക്ക് വിധേയമായ സ്റ്റോറുകളുടെ വിവരം ലഭ്യമാക്കുമോ; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | ഡി) | നടപടിയ്ക്ക് വിധേയമായ സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| ഇ) | അമിത വില ഈടാക്കുന്ന സ്റ്റോറുകളുടെ വിപണന ലൈസൻസ് റദ്ദാക്കുവാൻ നടപടി സ്വീകരിക്കുമോ? | ഇ) | അമിത വില ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് മാത്രമാണ് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം നിലവിൽ വ്യവസ്ഥയുള്ളത്. ലൈസൻസ് റദ്ദ് ചെയ്യുന്നതിന് വ്യവസ്ഥയില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജില്ല |
|---|---|---|
| 1 | Manakkad S R Logical & Surgicals | Thiruvananthapuram |
| 2 | Drishya Medicals, Kawadiar | |
| 3 | Saikrishna Medicals, Peroorkada | |
| 4 | Sreekrishna Hoapital, Thirumala | |
| 5 | Soorya Medicals, Kuravankonam | Thiruvananthapuram |
| 6 | Simans Integrated Rehabilitation Centre, Kaniyapuram | |
| 7 | Suty Medicals, Sasthamangalam | |
| 8 | Medi Help | |
| 9 | Care N Care | Thrissur |
| 10 | Safa Medicals, Kunnamkulam | |
| 11 | Mookans Pharmacy | |
| 12 | Koyili Hospital | Kannur |
| 13 | MS Medical Shop | |
| 14 | Sadananda Medicals, Thalassery | |
| 15 | Ashraya Medicals, Thrippunithura* | Ernakulam |
| 16 | Karitas Eye Institute, Kadavanthra | |
| 17 | KMC Hospital, Kuttiyadi | Kozhikode |
| 18 | Baby Memorial Hospital | |
| 20 | Sreedhar Nursing Home, Balusery | |
| 21 | D M Wims Hospital Pharmacy | Wayanad |
| *ആശ്രയ മെഡിക്കൽസിനെതിരെ രണ്ട് വ്യത്യസ്ത കേസുകൾ നിലവിലുണ്ട് | | |

Section officer